പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 724 — 27/4/2017 ൽ മറുപടിക്ക്

## രോഗപ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടില്ലാത്ത പക്ഷികളുടെയും വളർത്തുമൃഗങ്ങളുടെയും വിപണനം

ചോദ്യം — മറുപടി

**ശ്രീ.മഞ്ഞളാംകുഴി അലി:**

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് രോഗം വന്നതും രോഗ പ്രതിരോധനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതുമായ പക്ഷികളുടെയും വളർത്തുമൃഗങ്ങളുടെയും വിപണനം നടക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് മൂലം മൃഗങ്ങൾ വഴിയും പക്ഷികൾ വഴിയും പകരുന്ന രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | ഇത്തരത്തിൽ രോഗം ബാധിച്ചതും പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടില്ലാത്തതുമായ വളർത്തുമൃഗങ്ങളുടെ വിപണനം തടയുന്നതിന് നിയമങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ രംഗത്തെ അനാരോഗ്യകരമായ പ്രവണതകൾ തടയുന്നതിന് സർക്കാരിന് കഴിയാത്ത സ്ഥിതിവിശേഷം ഗുരുതരമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിന് അടിയന്തരമായി പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുമോ; വിശദമാക്കുമോ? | ബി) | ഉണ്ട്. 2009- ലെ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഇൻഫെക്ഷ്യസ് ആന്റ് കൺടേജിയസ് ഡിസീസ് ഇൻ ആനിമൽസ് ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ 1/10/2014 - ൽ ജി.ഒ (പി) 221/2014/എഡി നമ്പർ ഉത്തരവ് നിലവിലുണ്ട്. ഇതിൻ പ്രകാരം സംസ്ഥാനത്തിനകത്തേക്ക് കൊണ്ടുവരുന്ന പക്ഷിമൃഗാദികളുടെ ആരോഗ്യനില ചെക്ക് പോസ്റ്റുകളിൽ പരിശോധിച്ച് രോഗബാധയില്ലാത്തവയെ മാത്രം പ്രതിരോധ കുത്തിവെയ്പ്പുകൾ നൽകി കടത്തി വിടാനുള്ള വ്യക്തമായ മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ട്. |

സെക്ഷൻഓഫീസർ